പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 422

28.6.2011-ലെ മറുപടിയ്ക്ക്

**കൊരട്ടി കിൻഫ്രാ പാർക്കിന്റെ വികസനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി ദേവസ്സി | ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) കൊരട്ടി കിൻഫ്രാ പാർക്കിന്റെ വികസനത്തിന് ഗവ. ഓഫ് ഇന്ത്യാ പ്രസ്സിന്റെ പ്രവർത്തനത്തിനാവശ്യമായ സ്ഥലം കഴിച്ചുള്ള സ്ഥലം വിട്ടുകിട്ടുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | എ) കൊരട്ടിയിൽ കിൻഫ്ര സ്ഥാപിച്ചിട്ടുള്ള വ്യവസായ പാർക്കുകളുടെ വികസനത്തിന് കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെ കീഴിലുള്ള ഗവ. പ്രസ്സിന്റെ 16 ഏക്കർ ഭൂമി കേരള സർക്കാരിന് വിട്ട് തരാമെന്ന് സമ്മതിച്ചിരുന്നുവെങ്കിലും കേന്ദ്ര ഗവൺമെന്റ് പ്രസ്സിന്റെ വികസനം ഏറ്റെടുത്തതിനാൽ പ്രസ്തുത ഭൂമി വിട്ടുതരാൻ നിർവ്വാഹമില്ല എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |
| (ബി) കൊരട്ടി കിൻഫ്ര പാർക്കിൽ പ്രിന്റ് വില്ലേജ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | ബി) അധിക ഭൂമി ലഭിക്കുന്ന മുറയ്ക്ക് പ്രിന്റ് വില്ലേജ് ആരംഭിക്കുന്ന കാര്യം കിൻഫ്ര പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ